STATE POLICE MEDIA CENTRE
KERALA POLICE

Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.569/PR/SPMC/PHQ/2020 Date:23.10.2020

## സൗദി അറേബ്യയിൽ നിന്ന് എത്തിച്ച വധശ്രമകേസ് പ്രതി ഹൈദരാബാദ് വിമാനത്താവളത്തിൽ അറസ്റ്റിലായി

തിരുവനന്തപുരത്തെ പൂന്തുറ പോലീസ് സ്റ്റേഷൻ പരിധിയിൽ 2013 ൽ സജാദ് ഹുസൈനെ വധിക്കാൻ ശ്രമിച്ച കേസിലെ മൂന്നാം പ്രതിയും മുട്ടത്തറ മാണിക്കവിളാകം സ്വദേശിയുമായ അബു സൂഫിയാൻ (31) എന്നയാളെ ഹൈദരാബാദ് വിമാനത്താവളത്തിൽ പൂന്തുറ പോലീസ് അറസ്റ്റ് ചെയ്തു.

കുറ്റകൃത്യത്തിനുശേഷം വിദേശത്തേയ്ക്കു കടന്ന പ്രതിക്കെതിരെ ഇന്റർപോൾ റെഡ് നോട്ടീസ് പുറപ്പെടുവിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ സൗദി അറേബ്യൻ അധികൃതർ പ്രതിയെ അറസ്റ്റ് ചെയ്ത വിവരം സി.ബി.ഐ മുഖാന്തിരം സ്റ്റേറ്റ് ഇന്റർപോൾ ലെയ്സൻ ഓഫീസർ ഐ.ജി എസ്.ശ്രീജിത്തിനെ അറിയിക്കുകയായിരുന്നു. തുടർന്ന് ഇന്ത്യൻ കോൺസുലേറ്റ് വഴി ഹൈദരാബാദിൽ എത്തിച്ചു. തിരുവനന്തപുരം സിറ്റി ഡി.പി.സി ഡോ.ദിവ്യ ഗോപിനാഥിന്റെ നിർദ്ദേശാനുസരണം പൂന്തുറ പോലീസ് സ്റ്റേഷനിലെ സബ് ഇൻസ്പെക്ടർ സുരേഷ് കുമാർ, സിവിൽ പോലീസ് ഓഫീസർ മനു എന്നിവരുടെ നേതൃത്വത്തിലുള്ള സംഘമാണ് പ്രതിയെ കസ്റ്റഡിയിലെടുത്തത്.

സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹ്റയുടെ നിർദ്ദേശാനുസരണം രൂപീകരിച്ചിട്ടുള്ള ഇന്റെർനാഷണൽ ഇൻവെസ്റ്റിഗേഷൻ കോ-ഓർഡിനേഷൻ ടീം കേരളത്തിൽ നിന്ന് വിദേശത്തേക്കു രക്ഷപ്പെട്ട നിരവധി പ്രതികളെ നാട്ടിലെത്തിച്ച് അറസ്റ്റ് ചെയ്തിട്ടുണ്ട്. ക്രൈം ബ്രാഞ്ച് എ.ഡി.ജി.പി അനിൽകാന്ത്, ഐ.ജി എസ്.ശ്രീജിത്ത് എന്നിവരുടെ നേതൃത്വത്തിലാണ് ഈ ടീം പ്രവർത്തിക്കുന്നത്.

******************************